# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *163 — 07/03/2018-ൽ മറുപടി

### പറമ്പിക്കുളം ആളിയാർ കരാർ റദ്ദാക്കുന്നതിന്റെ നിയമവശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 1970 മേയ് മാസം ഉണ്ടാക്കിയതും 1958 നവംബർ 9 മുതൽ പ്രാബല്യം നല്കിയതുമായ പറമ്പിക്കുളം ആളിയാർ കരാറിന്റെ വകുപ്പ് 5 a (ii) പ്രകാരം തമിഴ്നാടിന് കരാറിൽ പരാമർശിക്കുന്ന നദികളിലെ ജലം കാലീനമായി ഉപയോഗിക്കാനുള്ള (demising of waters) വ്യവസ്ഥ മാത്രമേ ഉള്ളൂ എന്നതിനാൽ ഏകപക്ഷീയമായി തമിഴ്നാട് കേരളത്തിനുള്ള ജലം നിർത്തിവെച്ചത് കരാർ ലംഘനമായതിനാൽ കരാർ റദ്ദാക്കുന്നത് സംബന്ധിച്ച നിയമവശങ്ങൾ പരിശോധിക്കുമോ ; | എ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായി തമിഴ്നാട് നിർത്തി വച്ചിട്ടില്ല. 26/02/2018-ൽ ചേർന്ന ഫീൽഡ്തല ഉദ്യോഗസ്ഥ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളം ആവശ്യപ്പെട്ട ജലം തമിഴ്നാട് ഈ ആഴ്ചയിൽ നല്കി വരുന്നുണ്ട്. |
| ബി) കരാറിലെ 5 (c ) വകുപ്പനുസരിച്ച് 09/11/1958 മുതൽ കണക്കാക്കി ഒരോ 30 വർഷത്തിലും കരാറിലെ ക്രമീകരണങ്ങൾ പുനരവലോകനം ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ; | ബി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. |

ഇതു അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 8-ന് തികഞ്ഞിരുന്നു. ഇതിന്റെ അ ടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും. മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988 - 2013 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പു നരവലോകനം ഇതു വരെ യാഥാർത്ഥ്യമായിട്ടില്ല.

കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ 19.01.2018 ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്ത് ചേർന്നു. ഈ യോഗത്തിൽ മറ്റ് വിഷയങ്ങൾക്കൊപ്പം കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രാഥമികമായി ചർച്ച ചെയ്തിട്ടുണ്ട്.

സി) നീരൊഴുക്ക് ക്രമീകരിക്കുന്നതിന് സി) കരാറിന്റെ വകുപ്പ് 5a(iv)ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് കർത്തവ്യ നിർവ്വഹണത്തിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കുമോ ?

കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ചചെയ്ത് പ രിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിൽ ആവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ ഒന്നോ രണ്ടോ തവണ കൂടുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവരുന്നു. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള ജലവർഷത്തിന്റെ വാർഷിക കണക്കുകൾ ഇത്തരത്തിലാണ് തയ്യാറാക്കുന്നത്. കൂടാതെ വിവിധ റിസർവോയറുകളിലേയ്ക്കുള്ള നീരൊഴുക്ക് കൃത്യമായി നിരീക്ഷിക്കുകയും, കേരളത്തിന് കരാർ പ്രകാരം ലഭ്യമാക്കേണ്ടതായ ജലം ബന്ധപ്പെട്ട റിസർവോയറുകളിൽ ലഭ്യമല്ലെങ്കിൽ തമിഴ്നാടുമായി ചർച്ച ചെയ്ത് പി.എ.പി. സിസ്റ്റത്തിലെ മറ്റ് റിസർവോയറുകളിൽ ലഭ്യമായ ജലം, ബന്ധപ്പെട്ട റിസർവോയറുകളിലേയ്ക്ക് എത്തിക്കാൻ വേണ്ട നടപടികൾ യഥാസമയം കേരള ഉദ്യോഗസ്ഥർ സ്വീകരിക്കുകയും ചെയ്തു വരുന്നു. നടപ്പു ജല വർഷത്തിൽ (2017-18) കേരളത്തിന്, മണക്കടവ് വിയറിലേയ്ക്ക് കരാർ പ്രകാരം ലഭിക്കേണ്ടതായ ജലം

ആളിയാർ റിസർവോയറിൽ ലഭ്യമാകാതെ വന്നപ്പോൾ പാലക്കാട് ജെ.ഡബ്ല്യു.ആർ.ഡിവിഷൻ, ജോയിന്റ് ഡയറക്ടർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി പറമ്പിക്കുളം റിസർവോയറിൽ നിന്നും ജലം ആളിയാർ റിസർവോയറിലെത്തിക്കാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. കേരളത്തിന് പി.എ.പി കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി) യോഗങ്ങളിൽ ഉയർത്തി കേരളത്തിന്റെ ഉദ്യോഗസ്ഥർ നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ പ്രശ്നങ്ങൾ യഥാസമയം കൊണ്ടുവരികയും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ